"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - ശ്രീ.സണ്ണി സാമുവൽ മുതൽ പേർ ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള WP(C) 12961/2022 നം കേസിലെ 08/06/2022-ലെ ഉത്തരവ് നടപ്പിലാക്കി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

**റവന്യൂ(എ) വകുപ്പ്**

സ.ഉ.(സാധാ) നം.2995/2024/RD തീയതി,തിരുവനന്തപുരം, 13-12-2024

പരാമർശം:-

1. സ.ഉ(എം.എസ്) 496/1994/റവ, തീയതി 01.10.1994
2. സ.ഉ(എം.എസ്) 765/1997/റവ, തീയതി 09.10.1997.
3. ശ്രീ.സണ്ണി സാമുവൽ സമർപ്പിച്ച 20.03.2022-ലെ നിവേദനം. (Exts.P7)
4. ശ്രീ.സണ്ണി സാമുവൽ മുതൽ പേർ സമർപ്പിച്ച 28.03.2022 -ലെ നിവേദനം.(Exts.P8)
5. WP(C) 12961/2022-ന്മേലുള്ള ബഹു.ഹൈക്കോടതിയുടെ 08.06.2022-ലെ ഇടക്കാല ഉത്തരവ്.
6. ഇടുക്കി ജില്ലാ കളക്ടറുടെ 08.11.2022 ലെ DCIDK/2252/2018-C3 നം കത്ത്.
7. ലാന്റ് റവന്യൂ കമ്മീഷണറുടെ 01.10.2024-ലെ LR/13044/2022-LR(J1) നം കത്ത്.

**ഉത്തരവ്**

പരാമർശം(2) ലെ ഉത്തരവ് പ്രകാരം അനുവദിച്ച ഭൂമി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീ. സണ്ണി സാമുവൽ മുതൽ പേർ പരാമർശം (3), (4) പ്രകാരം നിവേദനങ്ങൾ സമർപ്പിച്ചിരുന്നു. തുടർന്ന് ശ്രീ.സണ്ണി സാമുവൽ മുതൽ പേർ ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) 12961/2022 നം ഹർജിയിലെ പരാമർശം (5) ഇടക്കാല ഉത്തരവിൽ ചുവടെ പറയും പ്രകാരം ഉത്തരവായിരുന്നു.

"There will be an interim direction to the 5th respondent to consider and dispose of Exts.P7 and P8 representations and take immediate action, particulary in view of Ext.P5 judgment of this Court, within three weeks from the date of receipt of a copy of this order."

2. മൂന്നാർ ഫോറസ്റ്റ് ഡിവിഷനിൽ അടിമാലി റെയ്ഞ്ചിൽ മന്നാംകണ്ടം വില്ലേജിൽ പെരുമണ്ണൂർ ചാലിൽ എന്ന സ്ഥലത്ത് നിന്ന് 1978-ൽ ഫോറസ്റ്റ് വകുപ്പ് കുടിയൊഴിപ്പിച്ച കയ്യേറ്റക്കാരായ 37 പേരെ "landless agriculture labourers" ന്റെ പരിധിയിൽപ്പെടുത്തി മാനുഷിക പരിഗണന നൽകി, കേരള ഭൂപരിഷ്കരണ നിയമം 1963 ലെ സെക്ഷൻ 96 ,കേരള ഭൂപരിഷ്കരണ (പരിധി) ചട്ടങ്ങൾ 1970-ലെ ചട്ടം 27-30 എന്നിവയിൽ ഇളവ് നൽകി ഇടുക്കി ജില്ലയിൽ ലഭ്യമായ മിച്ചഭൂമി ഒരേക്കർ വീതം പതിച്ച് നൽകി പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. എന്നാൽ പ്രസ്തുത ഭൂമി കൃഷി യോഗ്യമോ, വാസയോഗ്യമോ അല്ലാത്തതിനാൽ ടി ഉത്തരവ് റദ്ദ് ചെയ്ത് പള്ളിവാസൽ വില്ലേജിൽ സർവ്വേ 540 ൽ

പെട്ട 10 ഏക്കർ ഭൂമിയിൽനിന്നും മറയൂർ വില്ലേജിൽ സർവ്വേ 277/1 ൽ പെട്ട 27 ഏക്കർ ഭൂമിയിൽ നിന്നും ഒരു കുടുംബത്തിന് ഒരേക്കർ വീതം പതിച്ചു നൽകുന്നതിന് പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു. പരാമർശം (2) ഉത്തരവ് പ്രകാരം അർഹരായവരെ കണ്ടെത്തുന്നതിനായി 37 ഗുണഭോക്താക്കൾക്ക് ,19.09.1998 ൽ ബി1-742//93 നമ്പർ ഫയൽ പ്രകാരം വില്ലേജ് ഓഫീസറിൽ നിന്നും തിരിച്ചറിയൽ സർട്ടിഫിക്കറ്റ് സഹിതം, 15 ദിവസത്തിനകം ഹാജരാകുന്നതിന് നോട്ടീസ് നല്കിയിരുന്നതായും കൂടാതെ ടി വിവരം പത്ര പരസ്യം മുഖേന പ്രസിദ്ധീകരിച്ചിരുന്നതായും തിരിച്ചറിയൽ രേഖകളുമായി ഹാജരായിരുന്ന 30 കുടുംബങ്ങളിൽ അർഹരായ 22 പേർക്ക് ഭൂമി പതിച്ചു നൽകിയിരുന്നതായും ജില്ലാ കളക്ടർ പരാമർശം (6) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇപ്രകാരം 22 പേർക്ക് പതിച്ചു നൽകിയ ഭൂമിയിൽ ഒരാളൊഴികെ ശേഷിക്കുന്നവർ കൃഷി ചെയ്യുകയോ സ്ഥിരതാമസമാക്കുകയോ ചെയ്യാതെ പ്ലോട്ടുകളാക്കി വിറ്റൊഴിഞ്ഞ് പോയിട്ടുള്ളതാണെന്നും പതിച്ചു നൽകിയ പ്ലോട്ടിനോട് ചേർന്ന അഞ്ചര ഏക്കർ ഭൂമി സർവ്വേ ചെയ്ത് നീക്കി വച്ചിരുന്നതായും ഇപ്രകാരം വേർതിരിച്ചിട്ടിരുന്ന ഭൂമിയിൽ മറ്റ് അവകാശവാദങ്ങൾ നിലവിലില്ലായിരുന്നതിനാൽ മറ്റ് രണ്ട് പേർക്ക് ഈ ഭൂമിയിൽ നിന്നും പട്ടയം നൽകിയിട്ടുള്ളതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശേഷിക്കുന്ന 2.5 ഏക്കർ ഭൂമിയിൽ എക്സൈസ് ഡിപ്പാർട്ട്മെന്റിന് കെട്ടിടം നിർമ്മിക്കുന്നതിന് നൽകുന്നതിനും പെൺകുട്ടികൾക്കായുള്ള ട്രൈബൽ ഹോസ്റ്റലിന് നൽകുന്നതിനും ശേഷിക്കുന്ന സ്ഥലം മറയൂർ ഗ്രാമപഞ്ചായത്ത് കളിസ്ഥലമായി പാട്ട വ്യവസ്ഥയിൽ അനുവദിക്കുന്നതിനും അവകാശവാദം ഉന്നയിച്ചിട്ടുള്ളതായും ടി ഭൂമിയിന്മേൽ മറിച്ചുള്ള തീരുമാനം അംഗീകരിക്കില്ലായെന്ന് മറയൂർ ഗ്രാമപഞ്ചായത്ത് കമ്മിറ്റി അംഗങ്ങൾ അറിയിച്ചിട്ടുള്ളതായും ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. സർവ്വേ 277/1 ൽ ശേഷിക്കുന്ന ഭൂമി മറയൂർ ചന്ദന റിസർവ്വിന്റെ ഭാഗമാണെന്ന് വനം വകുപ്പ് അവകാശവാദം ഉന്നയിക്കുന്നതായും പരാമർശ (2) സർക്കാർ ഉത്തരവ് പ്രകാരമുള്ള പള്ളിവാസൽ വില്ലേജിലെ സർവ്വേ നം 540 ൽപ്പെട്ട 10 ഏക്കർ ഭൂമി വാസയോഗ്യമല്ലാത്തതാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മറയൂർ കാട്ടുകളിൽ നിന്നും വനം വകുപ്പ് കുടിയൊഴിപ്പിച്ച 37 കുടുംബങ്ങൾക്ക് മാനുഷിക പരിഗണന നൽകിയാണ് 1997-ൽ ഭൂമി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നത്. ആകയാൽ ടി ഭൂമി പതിവിന് പ്രത്യേക വ്യവസ്ഥകളൊന്നും നിഷ്കർഷിച്ചിരുന്നില്ല. ഭൂമി ലഭിക്കുന്നതിനായി തിരിച്ചറിയൽ തെളിയിക്കുന്ന രേഖകൾ ഹാജരാക്കാൻ വില്ലേജ് ഓഫീസർ 15 ദിവസത്തെ സമയം നൽകിയെങ്കിലും ഗുണഭോക്താക്കൾ അവകാശവാദം തെളിയിക്കാൻ ആവശ്യമായ രേഖകൾ സമയബന്ധിതമായി ഹാജരാക്കിയിരുന്നില്ല. ഭൂമി ലഭിച്ച 22 പേരിൽ 21 കൈവശക്കാരും ഭൂമി ഉണ്ടാക്കി വിൽപ്പന നടത്തി അന്യാധീനപ്പെടുത്തിയിട്ടുള്ളതാണ്. മേൽ സാഹചര്യത്തിൽ പരാമർശം (2) ഉത്തരവ് പ്രകാരം ഭൂമി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ദീർഘനാളുകൾക്ക് ശേഷം ടി ഉത്തരവിലെ ഒരു ഗുണഭോക്താവ് നേരിട്ടും നാല് ഗുണഭോക്താക്കളുടെ നിയമപരമായ അവകാശികളും നൽകിയ അപേക്ഷ പരിഗണനാർഹമല്ല.ആകയാൽ പരാമർശ നിവേദനങ്ങൾ നിരസിച്ചു കൊണ്ടു ഉത്തരവ് പുറപ്പെടുവിക്കുന്നു.

4 . ബഹു.ഹൈക്കോടതിയുടെ പരാമർശം (5) ഇടക്കാല ഉത്തരവ് ഇപ്രകാരം നടപ്പിലാക്കിക്കൊണ്ടു ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സ്നേഹലത കെ

ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)

ലാന്റ് റവന്യൂ കമ്മീഷണർ,തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്) കേരള,തിരുവനന്തപുരം

ശ്രീ.സണ്ണി സാമുവൽ,പുത്തൻ പറമ്പിൽ,കഞ്ഞിക്കുഴി,പി.ഒ,ഇടുക്കി

ജില്ലാ കളക്ടർ,ഇടുക്കി

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്(വെബ്&ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ (എ2/184/2022/റവ)

Signed by
ഉത്തരവിൻ പ്രകാരം
Suresh Kumar K
Date: 13-12-2024 13:48:24
സെക്ഷൻ ഓഫീസർ